# ശ്രീനാരായണ ഗുരു

അനൂപ് അനന്തൻ

കൂട്ടുകാരെ ഈ മാസം 21-ാം തീയതി നവോത്ഥാന നായകനായ നാരായണഗുരുവിന്റെ സമാധിദിനമാണ്. സ്കൂളിൽ നടത്താവുന്ന ഒരു പ്രസംഗമിതാ.

പ്രിയപ്പെട്ട ഗുരുജനങ്ങളെ, സുഹൃത്തുക്കളേ....

നാമിന്ന് ഒത്തുകൂടിയത് ശ്രീനാരായണഗുരുവിൻെറ ഓർമ്മകൾ പങ്കുവെക്കാനാണ്.

ശ്രീനാരായണഗുരു ഈ നാടിന് സമ്മാനിച്ച ദർശനങ്ങളുടെ പ്രാധാന്യമാണ് നമ്മെ ഇന്ന് ഒന്നിച്ചിരിക്കാൻ പ്രേരിപ്പിച്ചത്. നമുക്കിടയിൽ നിലനിന്ന സവർണ മേധാവിത്വം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ തിന്മകൾക്കതിരെ പോരാടിയ ഗുരു കേരളീയ സമൂഹത്തെയാകെ പുതിയൊരു വെളിച്ചത്തിലേക്കാണ് നയിച്ചത്. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും. തന്റെ സാമൂഹിക പരിഷ്കാരങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഡോ. പൽപ്പുവിന്റെ പ്രേരണയാൽ അദ്ദേഹം 1903-ൽ ശ്രീനാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.



മനുഷ്യരെ ഒരേ പോലെ അംഗീകരിക്കാത്ത ഒരു വ്യവസ്ഥിതിയായിരുന്നു പഴയകാലത്ത് നമ്മുടെ നാട്ടിലുണ്ടായിരുന്നത്. ഇതിനു പ്രധാനകാരണം ജാതീയമായ അതിർവരമ്പുകളായിരുന്നു.

ക്ഷേത്രാരാധന, വിദ്യാഭ്യാസം, ജോലി എന്നിവ പോലും ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ അവർണ്ണ ജാതിക്കാരുൾപ്പെടെ ജാതിയുടെ പേരിൽ അകറ്റിനിർത്തപ്പെട്ടു. ബ്രാഹ്മണർ ജന്മികളായിരുന്നു. അവർണ്ണരെ അടിമകളാക്കുന്ന തരം ജന്മി-കുടിയാൻ വ്യവസ്ഥയാണ് അക്കാലത്തുണ്ടായിരുന്നത്. അധികാരികൾ അവർണ്ണരിൽ നിന്നും തലയെണ്ണി നികുതി ചുമത്തി. ഇതിനു തലവരി എന്നാണ് പറഞ്ഞിരുന്നത്. കൂടാതെ വീടുമേയുക, മീൻ പിടിക്കുക, എണ്ണയാട്ടുക തുടങ്ങിയ എല്ലാ തൊഴിലുകൾക്കും നികുതി ഏർപ്പെടുത്തിയിരുന്നു. അവർണ്ണർക്ക് ഏർപ്പെടുത്തിയിരുന്ന ശിക്ഷകളും അതിക്രൂരമായിരുന്നു. ചെറിയ കുറ്റങ്ങൾക്കുപോലും അവയവങ്ങൾ മുറിച്ചു കളഞ്ഞിരുന്നു. പ്രധാന ക്ഷേത്രങ്ങളെല്ലാം തന്നെ നമ്പൂതിരിമാരുടെയും നായന്മാരുടെയും കൈവശാവകാശത്തിലായിരുന്നു. ഈഴവൻമാരുൾപ്പെടെയുള്ള പിന്നോക്കക്കാർ ക്ഷേത്ര പരിസരത്തുപോലും വരുന്നത് നിഷിദ്ധമായിരുന്നു.

ഈ സാഹചര്യത്തിലാണ്, ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് ശിവക്ഷേത്രം സ്ഥാപിച്ചത്.

'ജാതിനിർണ്ണയം' എന്ന അദ്ദേഹത്തിന്റെ കൃതിയിൽ നിന്നുള്ള രണ്ടുവരികൾ ഇവിടെ എഴുതിവെച്ചിട്ടുണ്ട്. ജാതിഭേദം മതദ്വേഷം - ഏതുമില്ലാതെ സർവ്വരും

**ഹോർത്തൂസ് മലബാറിക്കസ് രചിച്ച ഭാഷ– ലാറ്റിൻ**

സോദരത്വേന വാഴുന്ന - മാതൃകാസ്ഥാനമാണിത്'. ഇതായിരുന്നു അന്നത്തെ പ്രധാന സന്ദേശം.

എല്ലാ മതങ്ങളുടെയും സാരം ഒന്നു തന്നെയാണെന്നും അതുകൊണ്ട് മതം പലതല്ല; ഒന്നാണെന്നുമാണ് ഗുരു പറഞ്ഞുകൊണ്ടിരുന്നത്. തന്റെ മതദർശനത്തെ ഏകമതം' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

പലമതസാരവുമേകമെന്നു പാരാ
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ
രലവതു കണ്ടലയാതമർന്നിടേണം'

വിവിധ മതങ്ങളിൽപ്പെട്ടവർ അന്ധൻ ആനയെ കണ്ടതുപോലെ പലതായി പറയുകയാണെന്നും എല്ലാ മതത്തിന്റെയും അടിസ്ഥാനം ഒന്നാണെന്നും ഗുരു പറഞ്ഞു. കവിയും പണ്ഡിതനുമായ ഗുരുദേവൻ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാറ്റിലും തൻെറ ദർശനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായുള്ള ശ്രമങ്ങളാണ് നടത്തിയത്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹികമായ അനീതികൾ ഇല്ലാതാവുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചു.

അതുകൊണ്ടുതന്നെ, മനുഷ്യന്റെ എല്ലാ ഉയർച്ചകളും വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും, വിദ്യാഭ്യാസമില്ലാത്തവർക്ക് ശരിയായ സ്വാതന്ത്ര്യബോധം ഉണ്ടാവാനിടയില്ലെന്നും അറിവിലൂടെ സ്വാതന്ത്ര്യത്തിൻെറ പുതുലോകം നേടണമെന്നും അദ്ദേഹം പറഞ്ഞു. സമകാലിക ഇന്ത്യൻ അവസ്ഥയിൽ ഗുരുവിൻെറ ദർശനങ്ങൾക്ക് പ്രസക്തിയേറെയാണ്. വിഭാഗീയത രാഷ്ട്രീയത്തിൻെറ രൂപത്തിൽ നമുക്കിടയിലേക്ക് വരുമ്പോൾ ചെറുക്കാനുള്ള കരുത്താണ് ഗുരുവിൻെറ ദർശനങ്ങൾ നൽകുന്നത്. ഈയൊരു ദിനത്തിൽ മാത്രമല്ല, നമ്മുടെ ജീവിതത്തിലാകമാനം ഇത്തരം മഹദ്ദർശനങ്ങൾ കൊണ്ടുനടക്കേണ്ടത് അനിവാര്യമാണെന്ന് സ്വയം തിരിച്ചറിഞ്ഞുകൊണ്ട് ഞാനെൻെറ വാക്കുകൾ അവസാനിപ്പിക്കട്ടെ. എല്ലാവർക്കും നന്ദി.



## ചെന്നായ്ക്കളുടെ അഭിവാദനം

ചെന്നായ്ക്കൾ പരസ്പരം കാണുമ്പോൾ ഹസ്തദാനം ചെയ്ത് 'ഹലോ, എന്തൊക്കെയുണ്ട് വിശേഷങ്ങൾ' എന്ന് ചോദിക്കുമോ? അങ്ങനെയില്ല. എങ്കിലും ഒരെണ്ണം മറ്റവന്റെ മൂക്കിൽ പതുക്കെ വായ് ചേർത്തുവെച്ച് അഭിവാദനം ചെയ്യും. മിക്ക ജന്തുക്കളും പരസ്പരം കാണുമ്പോൾ ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ അഭിവാദനം ചെയ്യാറുണ്ട്. പട്ടികൾ പരസ്പരം വാലാട്ടി കാണിക്കും. പൂച്ചകളോ, പരസ്പരം മണം പിടിച്ചാണ് ഹലോ എന്നു പറയുന്നത്. കുരങ്ങുകൾ പ്രത്യേക തരം ശബ്ദം പുറപ്പെടുവിക്കുന്നു.




ചൈനീസ് റോസ് എന്നറിയപ്പെടുന്ന പുഷ്പം- ചെമ്പരത്തി